# ഗാർഹികാന്വേഷണത്തിൽ സഹകരിക്കാൻ വൈമുഖ്യം കാണിച്ച തൊഴിലാളിക്ക് സ്വാഭാവിക നീതിയുടെ ലംഘനം ആരോപിക്കാനാവില്ല

## മദ്രാസ് ഹൈക്കോടതി

W.P. No. 11369/2003 Dt. 14.10.2020

എസ്. ജോൺ

x

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ

സ്ഥാപനത്തിൽ ജോലി ചെയ്തുവന്ന തൊഴിലാളി മൂന്ന് സ്യൂട്ട്കേസുകളിലായി കൃത്രിമ രത്നങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ചപ്പോൾ കസ്റ്റംസ് വകുപ്പിന്റെ പിടിയിലായി. കള്ളക്കടത്തിൽ പിടിക്കപ്പെട്ട തൊഴിലാളിക്കെതിരെ ക്രിമിനൽ കേസെടുത്ത കസ്റ്റംസ് വകുപ്പ് കേസന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചു. തൊഴിലാളി അറസ്റ്റ് ചെയ്യപ്പെട്ട വിവരമറിഞ്ഞ തൊഴിലുടമ അയാളെ സസ്പെന്റ് ചെയ്യുകയും കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. തൊഴിലാളിയുടെ ആവശ്യപ്രകാരം കുറ്റപത്രത്തിന്റെ തമിഴ് പരിഭാഷയും അനുബന്ധ രേഖകളും തൊഴിലാളിക്ക് നല്കിയെങ്കിലും അയാൾ കാരണം -കാണിക്കൽ നോട്ടീസിന് മറുപടി നല്കിയില്ല. തുടർന്ന് മേനേജ്മെന്റ് നാല് തവണ കൂടി തൊഴിലാളിക്ക് കത്തയച്ചെങ്കിലും അയാൾ മറുപടി നല്കാൻ വൈമുഖ്യം കാണിക്കുകയാണുണ്ടായത്. അതിനാൽ തൊഴിലാളിയുടെ മറുപടിയില്ലാതെത്തന്നെ ഗാർഹികാന്വേഷണം നടത്താൻ മേനേജ്മെന്റ് നിർബ്ബന്ധിതമായി. ഗാർഹികാന്വേഷണത്തിൽ ഹാജരായ തൊഴിലാളി തനിക്കു വേണ്ടി വാദിക്കാൻ ഹൈദരാബാദിലുള്ള സഹജോലിക്കാരനെ അനുവദിക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടു. അത് അനുവദിക്കപ്പെട്ടതിനു ശേഷമുള്ള അന്വേഷണ തീയതിയിൽ ആ സഹജോലിക്കാരൻ അസൗകര്യം മൂലം ഹാജരായില്ല. അതിനാൽ അന്വേഷണ നടപടി മാറ്റിവയ്ക്കണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടെങ്കിലും അത് അനുവദിക്കപ്പെട്ടില്ല. എന്നാൽ പിന്നീടുള്ള അന്വേഷണ തീയതികളിലും സഹജോലിക്കാരൻ ഹാജരായില്ല. നിരവധി അവസരങ്ങൾ നല്കിയതിനു ശേഷം അന്വേഷണം അവസാനിപ്പിച്ച ഉദ്യോഗസ്ഥൻ മേനേജ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. തുടർന്ന് ദേശീയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ നിന്ന് അംഗീകാരം തേടി മേനേജ്മെന്റ് അപേക്ഷ സമർപ്പിച്ചു. കാരണം, സ്ഥാപനത്തിലെ തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച തർക്കങ്ങൾ ദേശീയ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ടായിരുന്നു. ഗാർഹികാന്വേഷണം കുറ്റമറ്റരീതിയിലാണ് നടത്തിയതെന്ന് വിലയിരുത്തിയ ദേശീയ ട്രൈബ്യൂണൽ മേനേജ്മെന്റിന്റെ അപേക്ഷ അനുവദിക്കുകയും തൊഴിലാളിയെ പിരിച്ചുവിട്ടതിന് അംഗീകാരം നല്കുകയും ചെയ്തു. തുടർന്ന് തൊഴിലാളി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ പരാതി നല്കി. തൊഴിലാളിയുടെ അവകാശവാദങ്ങളിൽ കഴമ്പില്ലെന്നു കണ്ട ട്രൈബ്യൂണൽ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. 'ഗാർഹികാന്വേഷണം കുറ്റമറ്റരീതിയിലാണോ നടത്തിയത്' എന്ന തർക്ക വിഷയം പ്രാഥമികമായി പരിഗണിക്കാതെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധി പ്രസ്താവിച്ചതും ഗാർഹികാന്വേഷണത്തിൽ സഹജോലിക്കാരനെ പ്രതിരോധ സഹായിയായി അനുവദിക്കാതിരുന്നതും തെറ്റും സ്വാഭാവിക നീതിയുടെ നിഷേധവുമാണെന്ന് തൊഴിലാളി വാദിച്ചു. ഗാർഹികാന്വേഷണം കുറ്റമറ്റരീതിയിലാണ് നടത്തിയതെന്ന് ദേശീയ ട്രൈബ്യൂണൽ നേരത്തെ വിലയിരുത്തിയതിനാൽ ആ വിഷയം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രാഥമികമായി പരിഗണിക്കാതിരുന്നതിൽ തെറ്റില്ലെന്നും കാരണം-കാണിക്കൽ നോട്ടീസിന് മറുപടി നല്കാതിരിക്കുകയും അനുവദിച്ചിട്ടും സഹജോലിക്കാരനെ പിന്നീടുള്ള വിചാരണ വേളയിൽ പങ്കെടുപ്പിക്കാതിരുന്നതും തൊഴിലാളിയുടെ നിസ്സഹകരണ മനോഭാവമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.